ടി.കെ ഉബൈദ്

1216

സൂറ - 45

# അല്‍ ജാഥിയഃ

### സൂക്തം 01-04

വിഗ്രഹാരാധകരുടെ ഭീഷണികളില്‍ വിരണ്ടു പോകരുത്, പ്രകോപനങ്ങളിലും പ്രലോഭനങ്ങളിലും വീണുപോകരുത്. ധൈര്യവും സ്ഥൈര്യവും ക്ഷമയും സഹനവുമുള്ളവരായി നിലകൊള്ളണം. ദൈവ ധിക്കാരികള്‍ നിങ്ങളുടെ ആദര്‍ശം അംഗീകരിക്കുന്നില്ലെങ്കില്‍ അതു നിങ്ങളുടെ കുറ്റമല്ല, അവരുടെ കുറ്റമാണ്. അതിന്റെ ദോഷവും അവര്‍ക്കു തന്നെ. ആരുടെയും അവിശ്വാസവും എതിര്‍പ്പും വിശ്വാസിക്ക് ഒരു ദോഷവും വരുത്തുന്നില്ല.

## ആമുഖം

28-ാം സൂക്തത്തില്‍ വന്നിട്ടുള്ള جاثية എന്ന പദത്തില്‍ അല്‍(ال) ചേര്‍ന്നതാണ് സൂറയുടെ ഏറ്റം പ്രചുരമായ നാമം. ജാഥിയഃ എന്ന പദം ഉള്ള സൂറ എന്നതില്‍ കവിഞ്ഞ ഔചിത്യമൊന്നും ഈ നാമകരണത്തിനുള്ളതായി പറയപ്പെടുന്നില്ല. സൂറത്തു ശരീഅഃ, സൂറത്തുദ്ദഹ്ര്‍ എന്നീ പേരുകളും പറയപ്പെട്ടിരിക്കുന്നു. സൂറ മുഴുവന്‍ മക്കയില്‍ അവതരിച്ചതാണെന്ന് പൊതുവില്‍ അംഗീകരിക്കപ്പെട്ടിരിക്കുന്നു. 14,15 സൂക്തങ്ങള്‍ അവതരിച്ചത് മദീനയിലാണെന്ന് ഇബ്‌നു അബ്ബാസും ഖതാദയും പ്രസ്താവിച്ചതായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. മുസ്വ്ഹഫില്‍ 45-ാം സൂക്തമായി ചേര്‍ത്തിട്ടുള്ള ഈ സൂറ അവതരണ ക്രമമനുസരിച്ച് 64-ാമത്തെതാണ്. സൂറ *അദ്ദുഖാനി*നുശേഷം *അല്‍ അഹ്ഖാഫി*നു മുമ്പായിട്ടാണിതവതരിച്ചതെന്ന് ജാബിറുബ്‌നു സൈദ് പ്രസ്താവിച്ചിരിക്കുന്നു.

ഹാ-മീം എന്നു തുടങ്ങുന്ന മറ്റു സൂറകളുടേതു തന്നെയാണ് ഈ സൂറയുടെയും മുഖ്യ പ്രമേയം. മറ്റു സൂറകളെപ്പോലെ മുഖവുരയായി ഖുര്‍ആനിന്റെ ദൈവികതയും മഹത്വവും ഊന്നിപ്പറഞ്ഞുകൊണ്ടാണാരംഭിക്കുന്നത്. തുടര്‍ന്ന് ഇതില്‍ പറയുന്നത് അല്ലാഹുവിങ്കല്‍നിന്നുള്ള സത്യസൂക്തങ്ങളാണെന്ന് ഉദ്‌ബോധിപ്പിക്കുന്നു. സൃഷ്ടികള്‍ അതു സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണെന്നാണതിന്റെ ധ്വനി. ഏകദൈവത്വത്തിന്റെയും മരണാനന്തര ജീവിതത്തിന്റെയും ദൃഷ്ടാന്തങ്ങള്‍ പ്രപഞ്ചത്തിലെങ്ങും നിറഞ്ഞുകിടക്കുന്നുണ്ട്. മനുഷ്യന്റെ സൃഷ്ടിഘടന, ദിന രാത്രങ്ങള്‍, കാറ്റ്, മഴ, അതുമൂലം ഭൂമിയിലുളവാകുന്ന വിഭവങ്ങള്‍, കപ്പല്‍ സഞ്ചരിക്കുന്ന സമുദ്രം എല്ലാം അല്ലാഹുവിന്റെ ഏകത്വത്തെയും സര്‍വശക്തിയെയും വിളിച്ചോതുന്നു. പ്രപഞ്ചത്തിന്റെയും സ്വന്തം അസ്തിത്വത്തിന്റെയും സകലമാന ആകാശങ്ങളിലും വിളങ്ങുന്ന, നഗ്ന ദൃഷ്ടികള്‍ക്ക് ഗോചരമാകുന്ന ദൈവിക മുദ്രകളൊന്നും മനസ്സിലാക്കാന്‍ ദൈവത്തെയും പരലോകത്തെയും നിഷേധിക്കുന്ന ഈ ജനം ഒട്ടും തയാറാകുന്നില്ലെങ്കില്‍ പിന്നെ അതിനപ്പുറം എന്തു കാര്യമാണവര്‍ക്ക് മനസ്സിലാക്കാനും വിശ്വസിക്കാനും കഴിയുക?

ബഹുദൈവ മതങ്ങള്‍ തികച്ചും കെട്ടിച്ചമച്ച കൃത്രിമങ്ങളാണ്. ദൈവിക സൂക്തങ്ങള്‍

മനസ്സു തുറന്നു കേൾക്കാതിരിക്കുന്നതിലാണതിന്റെ നിലനിൽപ്. അതു കേൾക്കുമ്പോൾ അവർ കണ്ണടച്ചു നിഷേധിക്കുകയും പരിഹസിച്ചു തള്ളുകയും ചെയ്യുന്നു. ഉയിർത്തെഴുന്നേറ്റ് നരക കവാടത്തിലെത്തുമ്പോൾ അധാർമികമായി നേടിയ അധികാരങ്ങളോ സ്ഥാനമാനങ്ങളോ സമ്പത്തോ, പരലോകം ഉണ്ടെങ്കിൽ അവിടെ തങ്ങളുടെ സഹായികളാകുമെന്ന് സങ്കൽപിച്ച് ആരാധിച്ചിരുന്ന ബഹുദൈവങ്ങളോ യാതൊരുപകാരവും ചെയ്യില്ല.

സത്യവിശ്വാസികളെ സഗൗരവം ഉപദേശിക്കുന്നു: വിഗ്രഹാരാധകരുടെ ഭീഷണികളിൽ വിരണ്ടു പോകരുത്, പ്രകോപനങ്ങളിലും പ്രലോഭനങ്ങളിലും വീണുപോകരുത്. ധൈര്യവും സ്ഥൈര്യവും ക്ഷമയും സഹനവുമുള്ളവരായി നിലകൊള്ളണം. ദൈവ ധിക്കാരികൾ നിങ്ങളുടെ ആദർശം അംഗീകരിക്കുന്നില്ലെങ്കിൽ അതു നിങ്ങളുടെ കുറ്റമല്ല, അവരുടെ കുറ്റമാണ്. അതിന്റെ ദോഷവും അവർക്കു തന്നെ. ആരുടെയും അവിശ്വാസവും എതിർപ്പും വിശ്വാസിക്ക് ഒരു ദോഷവും വരുത്തുന്നില്ല.

ചരിത്രത്തിന്റെ ഒരു ഘട്ടത്തിൽ അല്ലാഹുവിന്റെ സവിശേഷ പരിഗണനക്കും പുരസ്കാരത്തിനും അർഹരായ സമൂഹമായിരുന്നു ഇസ്റാഈൽ വംശം. പക്ഷേ, ആ അനുഗ്രഹങ്ങൾ ചുമത്തുന്ന ഉത്തരവാദിത്വങ്ങൾ നിർവഹിച്ചുകൊണ്ട് ദൈവത്തിന്റെ പരിഗണനയും പരിലാളനയും നിലനിർത്തുന്നതിൽ പിൽക്കാലത്ത് അവർ ദയനീയമായി പരാജയപ്പെട്ടു. ഇപ്പോൾ ദൈവിക സന്മാർഗത്തിന്റെ വാഹകരായി നിങ്ങൾ-മുസ്‌ലിംകൾ നിശ്ചയിക്കപ്പെട്ടിരിക്കുകയാണ്. നിങ്ങൾ ഉത്തരവാദിത്വം- അമാനത്ത്- യഥാവിധി നിർവഹിക്കുകയാണെങ്കിൽ യഹൂദരുടെ അസൂയയും കുശുമ്പും കുന്നായ്മയും അക്രമ നടപടികളും അതിജീവിച്ചു മുന്നേറാൻ കഴിയും. അതിൽ വീഴ്ചവരുത്തിയാൽ ഇവരുടേതു തന്നെയായിരിക്കും നിങ്ങളുടെയും ഗതി.

പരലോക നിഷേധികൾ ഉന്നയിക്കുന്ന ചില സംശയങ്ങൾക്ക് വിശദീകരണം നൽകിക്കൊണ്ടും അന്ത്യനാളിൽ സത്യനിഷേധികൾക്ക് നേരിടേണ്ടി വരുന്ന ഭീകരവും ബീഭത്സവുമായ അവസ്ഥ വർണിച്ചുകൊണ്ടുമാണ് സൂറ സമാപിക്കുന്നത്.

ഉള്ളടക്കം തമ്മിലുള്ള താദാത്മ്യമാണ് മുൻ സൂറയുമായി ഈ സൂറക്കുള്ള മുഖ്യ ബന്ധം. അല്ലാഹുവിന്റെ ഏകത്വം പ്രാപഞ്ചിക പ്രതിഭാസങ്ങളെ സാക്ഷിയാക്കി സമർഥിക്കുക, വിഗ്രഹാരാധകരുടെ അന്ധവിശ്വാസങ്ങളെ വിമർശിക്കുക, അധർമങ്ങളിലാണ്ടു പോയതുമൂലം നശിപ്പിക്കപ്പെട്ടവരുടെ ചരിത്രം ചൂണ്ടിക്കാണിക്കുക തുടങ്ങിയ കാര്യങ്ങൾ രണ്ടു സൂറകളും പങ്കുവെക്കുന്നു. ●

**മനുഷ്യന്റെ സൃഷ്ടിഘടന, ദിന രാത്രങ്ങൾ, കാറ്റ്, മഴ, അതു മൂലം ഭൂമിയിലുളവാകുന്ന വിഭവങ്ങൾ, കപ്പൽ സഞ്ചരിക്കുന്ന സമുദ്രം എല്ലാം അല്ലാഹുവിന്റെ ഏകത്വത്തെയും സർവശക്തിയെയും വിളിച്ചോതുന്നു.**

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

**പരമദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ**

حمٓ ﴿١﴾

*1*

*ഹാ-മീം*

ഈ ഒറ്റ അക്ഷരങ്ങൾ മുൻ സൂറകളുടെ തുടക്കത്തിൽ വന്നിട്ടുള്ളതാണ്. പൊതുവിൽ ഈ അക്ഷരങ്ങൾ ഒന്നാമത്തെ സൂക്തമായി എണ്ണപ്പെട്ടിരിക്കുന്നു. ചിലർ ഇതിനെ ആദ്യ സൂക്തത്തിന്റെ ഭാഗമായി എണ്ണിയിരിക്കുന്നു. അവരുടെ കണക്കിൽ സൂറയിലെ സൂക്തങ്ങളുടെ എണ്ണം 36 ആകുന്നു. മറ്റുള്ളവരുടെ കണക്കിൽ 37-ഉം. ഹാ-മീം നേരത്തെ ചർച്ച ചെ

യപ്പെട്ടതാണ്. അർഥം ക്ലിപ്തമല്ലാത്ത ഇത്തരം അക്ഷരങ്ങൾ എന്തിന് ഓതുന്നു എന്നൊരു ചോദ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ട്. പണ്ഡിതന്മാർ അതിനു നൽകുന്ന വിശദീകരണം ഇതാണ്: ജീവിതത്തിന് ഗോചരവും അഗോചരവുമായ രണ്ടു വശമുണ്ട്. ഇന്ദ്രിയങ്ങൾക്ക് അപ്രാപ്യമായതാണ് അഗോചരം (**غيب**). അത് അല്ലാഹുവിനു മാത്രമേ അറിയൂ. **وَعِندَهُ مَفَاتِحُ الْغَيْبِ لَا يَعْلَمُهَا إِلَّا هُوَ** (6:59)

വിശ്വാസ സത്യങ്ങളും(**العقائد**) ആരാധനകളും (**العبادات**) നോക്കുക: ദൈവത്തിന്റെ ആസ്തിക്യവും ഏകത്വവും സൃഷ്ടിവൈഭവവും മനുഷ്യന് ബുദ്ധികൊണ്ട് ഗ്രഹിക്കാൻ കഴിയും. അവന്റെ സൃഷ്ടികളായ ആകാശ ഭൂമികളും സൂര്യചന്ദ്രന്മാരും നക്ഷത്രങ്ങളുമൊക്കെ നാം ഇന്ദ്രിയങ്ങൾ കൊണ്ടനുഭവിക്കുന്നു. ഇതാണ് ഗോചരം. വിശ്വാസ സത്യങ്ങളിൽ ചിലത് അഗോചരമാണ്. അല്ലാഹുവിന്റെ സത്ത, മലക്കുകളുടെയും ജിന്നുകളുടെയും ഉണ്മ. ഇതൊന്നും യുക്തികൊണ്ടോ അനുഭവം കൊണ്ടോ നിർണയിക്കാനാവില്ല. അവ അഗോചരം -**غيب**- ആകുന്നു. ഇങ്ങനെ ചിലത് ആരാധനാനുഷ്ഠാനങ്ങളിലുമുണ്ട്. നമസ്കാരത്തിന്റെ ലക്ഷ്യവും പ്രയോജനവും യുക്തികൊണ്ട് വിശദീകരിക്കാനാകും. പക്ഷേ, സ്വുബ്ഹ് രണ്ടും, ളുഹ്റും അസ്വ്റും ഇശാഉം നാലും, മഗ്രിബ് മൂന്നും റക്അത്തുകളായി നിശ്ചയിക്കപ്പെട്ടതെന്തിന് എന്ന് യുക്തികൊണ്ട് വിശദീകരിക്കാനാവില്ല. അത് **غيب** ആകുന്നു. അഗോചരത്തെ അംഗീകരിക്കുന്നതും അനുസരിക്കുന്നതും അനുഷ്ഠാനം -**تعبدي**- ആയിട്ടാണ്. അല്ലാഹു പറഞ്ഞത് അടിമകൾ വിശ്വസിക്കുന്നു, അനുസരിക്കുന്നു. യഥാർഥത്തിൽ വിശ്വാസം -**ايمان**- പ്രസക്തമാകുന്നത് **غيب**-ൽ ആണ്. ഇന്ദ്രിയഗോചരമായതിൽ വിശ്വാസത്തിന്റെയും നിഷേധത്തിന്റെയും -ഈമാനിന്റെയും കുഫ്റിന്റെയും- പ്രശ്നമില്ല. സൂര്യനും അതിന്റെ ഉദയാസ്തമയങ്ങളും നാം എന്നും കാണുന്നതാണ്. ഞാൻ സൂര്യനിലും ഉദയാസ്തമയങ്ങളിലും വിശ്വസിക്കുന്നു എന്ന് ആരും പറയേണ്ടതില്ല. അത് ഗോചരം -**مشهد**- ആണ്. ഈ സൂര്യൻ ഒരു നാൾ കെട്ടടങ്ങും എന്നത് വിശ്വാസമാണ്. കാരണം, അത് **غيب** ആണ്. അല്ലാഹു പറഞ്ഞതുകൊണ്ട് -**إِذَا الشَّمْسُ كُوِّرَتْ** (81:1)- മാത്രം നാം അതിൽ വിശ്വസിക്കുന്നു. **حم** അല്ലാഹുവിന്റെ വചനമാണ്. അത് ഓതാൻ നാം കൽപിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഓതുന്നു. അതിന്റെ കൃത്യമായ അർഥം അത് അവതരിപ്പിച്ചവൻ മാത്രം അറിയുന്ന **غيب** ആകുന്നു. തുടർന്നു പറയുന്ന -**تَنزِيلُ الْكِتَابِ**- വേദാവതരണം ആണ് ഗോചരം -**مشهد**. അതിന്റെ അർഥമാണ് നമുക്ക് അറിയാൻ കഴിയുന്നതും നാം അറിയേണ്ടതും. ●

**പ്രപഞ്ചത്തിലെ പ്രതിഭാസങ്ങളെല്ലാം അല്ലാഹുവിന്റെ ഏകത്വവും സർവശക്തിയും സർവജ്ഞതയും വിളിച്ചോതുന്ന ദൃഷ്ടാന്തങ്ങളാണെന്ന് ഖുർആൻ നിരവധി സ്ഥലങ്ങളിൽ ആവർത്തിച്ചു പറയുന്നുണ്ട്.**

تَنزِيلُ ٱلْكِتَٰبِ مِنَ ٱللَّهِ ٱلْعَزِيزِ ٱلْحَكِيمِ ﴿٢﴾

*2*

*ഈ വേദാവതരണം അജയ്യനും അഭിജ്ഞനുമായ അല്ലാഹുവിങ്കൽ നിന്നാകുന്നു.*

| | |
|---|---|
| ഗ്രന്ഥത്തിന്റെ ഇറക്കൽ (ഈ വേദാവതരണം) | تَنزِيلُ الْكِتَابِ |
| അജയ്യനും അഭിജ്ഞനുമായ അല്ലാഹുവിങ്കൽ നിന്നാകുന്നു | مِنَ اللَّهِ الْعَزِيزِ الْحَكِيمِ |

**ഈ** സൂക്തം ഇതേ പദങ്ങളിൽ 39-1 ൽ വന്നിരിക്കുന്നു. 26:192, 32:2, 36:5, 40:2, 41:2,42-ലും ചെറിയ വ്യത്യാസങ്ങളോടെ ഈ ആശയം അവതരിപ്പിച്ചിട്ടുണ്ട്. വിശദീകരണം *ഖുർആൻ ബോധനം* പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക. ബഹുദൈവ വിശ്വാസത്തിലും വിഗ്രഹാരാധനയിലും മറ്റ് അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും അഭിരമിക്കുന്നവരെ വിശുദ്ധ ഖുർആനിന്റെ ദൈവികതയും അതു പ്രബോധനം ചെയ്യുന്ന പ്രവാചകന്റെ സത്യസ

ന്ധതയും ചൂണ്ടിക്കാണിക്കുന്ന ദൃഷ്ടാന്തങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. പ്രഭാഷണത്തിന്റെ മുഖവുരയായിട്ടാണിവിടെ ഈ സൂക്തം അനുസ്മരിക്കുന്നത്. ●

إِنَّ فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِ لَأٓيَٰتٖ لِّلۡمُؤۡمِنِينَ ﴿٣﴾ وَفِي خَلۡقِكُمۡ وَمَا يَبُثُّ مِن دَآبَّةٍ ءَايَٰتٞ لِّقَوۡمٖ يُوقِنُونَ ﴿٤﴾

*3*
*നിശ്ചയം, വാനലോകത്തും ഭൂലോകത്തും സത്യം സ്വീകരിക്കുന്നവർക്ക് എണ്ണമറ്റ ദൃഷ്ടാന്തങ്ങളുണ്ട്.*
*4*
*നിങ്ങളുടെ തന്നെ സൃഷ്ടിയിലും അല്ലാഹു ഭൂമിയിൽ പരത്തിക്കൊണ്ടിരിക്കുന്ന ജീവജാലങ്ങളിലുമുണ്ട്, ദൃഢവിശ്വാസികൾക്ക് ധാരാളം ദൃഷ്ടാന്തങ്ങൾ.*

| | |
|---|---|
| നിശ്ചയം, വാനലോകത്തും ഭൂലോകത്തും ഉണ്ട് | إِنَّ فِي السَّمَاوَاتِ وَالْأَرْضِ |
| (എണ്ണമറ്റ) ദൃഷ്ടാന്തങ്ങൾ | لَآيَاتٍ |
| വിശ്വാസികൾക്ക് (സത്യം സ്വീകരിക്കുന്നവർക്ക്) | لِّلْمُؤْمِنِينَ |
| നിങ്ങളുടെ(തന്നെ) സൃഷ്ടിയിലും ഉണ്ട് | وَفِي خَلْقِكُمْ |
| അവൻ (അല്ലാഹു) ഭൂമിയിൽ പരത്തിക്കൊണ്ടിരിക്കുന്നതിലും (ഉണ്ട്) | وَمَا يَبُثُّ |
| ജീവജാലങ്ങ(ളിലും)ളാൽ | مِن دَابَّةٍ |
| (ധാരാളം) ദൃഷ്ടാന്തങ്ങൾ | آيَاتٌ |
| ദൃഢവിശ്വാസി(കൾക്ക്)കളായ ജനത്തിന് | لِّقَوْمٍ يُوقِنُونَ |

**ദൃഷ്ടാന്തങ്ങൾ ആകാശത്തും ഭൂമിയിലും കാണുന്ന അചര വസ്തുക്കളിൽ മാത്രമല്ല ഉള്ളത്. സ്വന്തം സൃഷ്ടിയിൽ തന്നെ മനുഷ്യന് ഏറെ ദൈവിക ദൃഷ്ടാന്തങ്ങളുണ്ട്.**

പ്രപഞ്ചത്തിലെ പ്രതിഭാസങ്ങളെല്ലാം അല്ലാഹുവിന്റെ ഏകത്വവും സർവശക്തിയും സർവജ്ഞതയും വിളിച്ചോതുന്ന ദൃഷ്ടാന്തങ്ങളാണെന്ന് ഖുർആൻ നിരവധി സ്ഥലങ്ങളിൽ ആവർത്തിച്ചു പറയുന്നുണ്ട്. അതെന്തുകൊണ്ടാണെന്ന് *ഖുർആൻ ബോധനം* നേരത്തെ ചർച്ച ചെയ്തിരിക്കുന്നു.

**إِنَّ فِي خَلْقِ السَّمَاوَاتِ وَالْأَرْضِ وَاخْتِلَافِ اللَّيْلِ وَالنَّهَارِ لَآيَاتٍ لِّأُولِي الْأَلْبَابِ**

(ആകാശ ഭൂമികളുടെ സൃഷ്ടിയിലും രാപ്പകൽ ഭേദത്തിലും തീർച്ചയായും സദ്ബുദ്ധിയുള്ളവർക്ക് ദൃഷ്ടാന്തങ്ങളുണ്ട്) എന്നാണ് 3:190-ൽ പറഞ്ഞിട്ടുള്ളത്. **إِنَّ فِي السَّمَاوَاتِ وَالْأَرْضِ لَآيَاتٍ** -'ആകാശ ഭൂമികളിൽ ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്'- എന്നാണിവിടെ പറയുന്നത്. പ്രാപഞ്ചിക വസ്തുക്കളുടെ സൃഷ്ടിയിലും ഘടനയിലുമുള്ള ദൃഷ്ടാന്തങ്ങൾ ബുദ്ധിമാന്മാർക്ക് -**أولوا الْأَلْبَابِ**- തിരിച്ചറിയാൻ കഴിയുന്നതാണ്. സാമാന്യ ജനം അത് എളുപ്പം തിരിച്ചറിയണമെന്നില്ല. സൃഷ്ടിയിലടങ്ങിയ ദൃഷ്ടാന്തങ്ങൾ മനസ്സിലാകുന്ന ബുദ്ധിമാന്മാർ അതീവ ഭക്തരും, ഈ പ്രപഞ്ചം വിധാതാവ് മിഥ്യയായി സൃഷ്ടിച്ചതല്ലെന്ന് സ്വയം വിളിച്ചുപറയുന്നവരുമായിരിക്കുമെന്ന് അവിടെ തുടർന്ന് പറയുന്നുണ്ട്. **آيات** -ദൃഷ്ടാന്തങ്ങൾ- മൂന്നു വിധമുണ്ട്: പ്രതിഭാസങ്ങൾ ഉളവാകുന്നതിലും നിലനിൽക്കുന്നതിലും ദൃശ്യമാകുന്നതാണ് ഒന്ന്. പ്രപഞ്ചത്തിന്റെ ഏതു മുക്കുമൂലയിലും ഏതു വസ്തുവിലും ഇതു കാണാൻ കഴിയും. പ്രവാചകന്മാർ ദൈവത്താൽ നിയുക്തരായവരാണെന്ന് ജനങ്ങളെ

ബോധ്യപ്പെടുത്താൻ അവർ പ്രത്യക്ഷപ്പെടുത്തുന്ന ദിവ്യാത്ഭുതങ്ങൾ -معجزات- ആണ് മറ്റൊന്ന്. പ്രവാചകന്മാരിലൂടെ അവതീർണമാകുന്ന ദിവ്യ വചനങ്ങൾ -വേദസൂക്തങ്ങളാണ് മൂന്നാമത്തെ آيَات. ഇവിടെ പറയുന്നത് പ്രപഞ്ചം ഒന്നാമത്തെ ഇനം ദൃഷ്ടാന്തങ്ങളുടെ കലവറയാണെന്നാകുന്നു. സൃഷ്ടികളുടെ ഘടനയിലേക്കും പ്രകൃതിയിലേക്കും പ്രവർത്തനക്രമത്തിലേക്കുമൊന്നും കടന്നുചെന്നു ചിന്തിക്കാൻ കഴിയുന്ന ധിഷണാ ശാലികളല്ലാത്ത സാമാന്യ ബുദ്ധികൾക്കും അവ കണ്ടെത്താനാവും. മുൻവിധികളെ മറികടന്ന് യാഥാർഥ്യങ്ങൾ അംഗീകരിക്കാനുള്ള സന്മനസ്സാണ് അതിനു വേണ്ടത്. لِّلْمُؤْمِنِينَ-ന് രണ്ടു താൽപര്യമുണ്ട്: പ്രവാചകനിലും ഖുർആനിലും വിശ്വസിച്ചു കഴിഞ്ഞവർക്ക് എന്നാണൊന്ന്- അവർക്ക് ഈ ദൃഷ്ടാന്തങ്ങൾ ശ്രദ്ധിക്കുന്നതിലൂടെ സ്വന്തം ഈമാൻ ദൃഢീകരിക്കാനും സത്യാന്വേഷികളായ മറ്റുള്ളവരെ യാഥാർഥ്യങ്ങൾ ബോധ്യപ്പെടുത്താനും കഴിയുന്നു. വിശ്വസിക്കാൻ സന്നദ്ധതയുള്ളവർക്ക് എന്നാണ് രണ്ടാമത്തെ താൽപര്യം.

പ്രപഞ്ചത്തിലെ ഇതര സൃഷ്ടികളിലെ ദൃഷ്ടാന്തങ്ങളിൽ നിന്നുൾക്കൊള്ളുന്ന സത്യവിശ്വാസത്തെ അചഞ്ചലമായി ഊട്ടിയുറപ്പിക്കുന്നതാണ് തന്നിലും അന്യജീവികളിലും കാണപ്പെടുന്ന ദൃഷ്ടാന്തങ്ങൾ.

ദൃഷ്ടാന്തങ്ങൾ ആകാശത്തും ഭൂമിയിലും കാണുന്ന അചര വസ്തുക്കളിൽ മാത്രമല്ല ഉള്ളത്. സ്വന്തം സൃഷ്ടിയിൽ തന്നെ മനുഷ്യന് ഏറെ ദൈവിക ദൃഷ്ടാന്തങ്ങളുണ്ട്. ബാഹ്യ ഘടനയെയും പ്രകൃതിയെയും ആന്തരിക ഘടനയെയും പ്രവർത്തനത്തെയും എല്ലാം ഉൾക്കൊള്ളുന്നതാണ് خَلْقِكُمْ എന്ന വാക്ക്. പഞ്ചേന്ദ്രിയങ്ങളും കൈകാലുകളുമൊക്കെയാണ് ബാഹ്യഘടന. അവയും അവയുടെ പ്രാധാന്യവും സാധാരണ മനുഷ്യർക്കും സുവ്യക്തമാണ്; ദൈവവിചാരമുള്ളവർക്ക് അവയെല്ലാം ദൈവത്തിന്റെ അനുഗ്രഹവും കഴിവിന്റെയും ശക്തിയുടെയും ദൃഷ്ടാന്തവുമായി മനസ്സിലാക്കാൻ പ്രയാസമുണ്ടാവില്ല. മനുഷ്യന്റെ ആന്തരികാവയവങ്ങളും അവയുടെ പ്രകൃതിയും പ്രവർത്തനവും ധിഷണാശാലികളായ ജന്തുശാസ്ത്ര വിദ്വാന്മാർക്കേ മനസ്സിലാക്കാൻ കഴിയൂ. അതുപോലെ ബാഹ്യവും ആന്തരികവുമായ ദൃഷ്ടാന്തങ്ങളുള്ളതും പണ്ഡിതന്നും പാമരന്നും അവരവരുടെ മണ്ഡലത്തിൽ ഉൾക്കൊള്ളാവുന്നതുമായ ദൃഷ്ടാന്തമാണ് ഭൂമിയിലെങ്ങും പരന്നു നടക്കുന്ന ജന്തുജാലങ്ങൾ. പ്രപഞ്ചത്തിലെ ഇതര സൃഷ്ടികളിലെ ദൃഷ്ടാന്തങ്ങളിൽനിന്നുൾക്കൊള്ളുന്ന സത്യവിശ്വാസത്തെ അചഞ്ചലമായി ഊട്ടിയുറപ്പിക്കുന്നതാണ് തന്നിലും അന്യജീവികളിലും കാണപ്പെടുന്ന ദൃഷ്ടാന്തങ്ങൾ.

يقين-ൽനിന്നുള്ള വർത്തമാനക്രിയയാണ് يوقن. സന്ദേഹത്തിനും പുനഃപരിശോധനക്കും പഴുതില്ലാത്തവണ്ണമുള്ള ദൃഢബോധവും അചഞ്ചല വിശ്വാസവുമാണ് يَقِين. ●

പത്താം പതിപ്പ്




₹ 430

വിധിവിലക്കുകൾ

ഡോ. യൂസുഫുൽ ഖറദാവി

മൊഴിമാറ്റം:
ശൈഖ് മുഹമ്മദ് കാരകുന്ന്

ജീവിതത്തിന്റെ എല്ലാ മേഖലകളിലും പാലിക്കേണ്ട അതിർവരമ്പുകളുടെ താത്ത്വിക വിശകലനവും ദൈനംദിന മുസ്‌ലിം ജീവിതത്തെ ചിട്ടപ്പെടുത്തുന്ന നിയമങ്ങളുടെ വിശദീകരണവും ഉൾക്കൊള്ളുന്ന കൃതി. പരമ്പരാഗത നിയമ പുസ്തകങ്ങളുടെ വിരസ ശൈലിയിൽനിന്ന് ഭിന്നമായി സാമാന്യ ജനങ്ങൾക്ക് സുഗ്രാഹ്യമായ ശൈലിയാണ് ഇതിൽ സ്വീകരിച്ചത്. ഹലാൽ, ഹറാം വിഷയത്തിൽ ഉയർന്നുവരാനിടയുള്ള സംശയങ്ങൾക്ക് ഖറദാവി തൃപ്തികരമായ നിവാരണങ്ങൾ നിർദേശിക്കുന്നു. മൗലാനാ അബുൽഹസൻ അലി നദ്‌വി, മൗലാനാ മൗദൂദി എന്നിവരുടെ പ്രശംസ നേടിയ രചന.

ഒമ്പതാം പതിപ്പ്




₹ 350

വഴിവെളിച്ചം

ആത്മവിശുദ്ധിയുടെ പ്രവാചക പാഠങ്ങൾ

ജഅ്ഫർ എളമ്പിലാക്കോട്

ആത്മവിമലീകരണത്തിന്റെ അക്ഷയഖനിയാണ് പ്രവാചക വചനങ്ങൾ. പ്രവാചകനിലെ പരിഷ്കർത്താവിനെയും മാർഗദർശിയെയും ഗുരുനാഥനെയും കണ്ടെത്താനും ആത്മവിശുദ്ധിയുടെ പാഠങ്ങൾ തേടാനും ഒരു വഴികാട്ടി.

IPH BOOKS

9544299877 iphbooks.com

I.P.H. Kozhikode - 0495-2720072, 2724618
I.P.H. Palakkad -0491- 2528010, 9744754390
I.P.H. Thiruvananthapuram - 0471-2337355
I.P.H. Eranakulam -0484-2369784
I.P.H. Kannur -0497-2701001
I.P.H. Malappuram -0483-2735445
I.P.H. Thrissur -0487-2427356